**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1309** **04-07-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ തനത് കലാസാംസ്കാരിക പൈതൃകങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ തനത് കലാസാംസ്കാരിക പൈതൃകങ്ങൾ കോർത്തിണക്കി സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വെള്ളിനേഴി കലാഗ്രാമം 2 കോടി രൂപ ചിലവിൽ നിർമ്മിച്ചിട്ടുണ്ട്. അതോടൊപ്പം തനത് കലാ സാംസ്കാരിക പൈതൃകങ്ങളെ പ്രയോജനപ്പെടുത്തി സഞ്ചാരികൾക്ക് കൂടുതൽ അറിവ് നൽകുന്ന പദ്ധതികളുടെ ടൂറിസം സാധ്യതകൾ പരിശോധിച്ച് വരുന്നു.<br><br>ഇതിനു പുറമേ ഉത്തരവാദിത്ത ടൂറിസം മുഖേന നടപ്പിലാക്കി വരുന്ന ഒന്നാണ് തൃത്താല, പട്ടിത്തറ പഞ്ചായത്തുകളിലെ സ്ട്രീറ്റ് പദ്ധതി-പദ്ധതി പ്രദേശത്തിന്റെ കലാ, സാംസ്കാരിക, കാർഷിക, ഭൂമിശാസ്ത്രപരമായ എല്ലാവിധ സവിശേഷതകളേയും ഉൾക്കൊ ണ്ടുകൊണ്ട് ഓരോന്നിനെയും പ്രത്യേകം സ്ട്രീറ്റുകളിലായി സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്ന വിധത്തിൽ പ്രദേശത്തെ ടൂറിസം കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം 2022 മാർച്ച് 31 ന് തൃത്താലയിൽ വച്ച് നടന്നു. തുടർന്നുള്ള പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ